"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**SC2/317/2024-HOME**
ആഭ്യന്തര (എസ്.സി.) വകുപ്പ്
തിരുവനന്തപുരം,
തീയതി: **20-11-2024**

<u>സർക്കുലർ</u>

വിഷയം:- പ്രത്യേക സുരക്ഷാ മേഖലയായ സെക്രട്ടേറിയറ്റിനുള്ളിൽ വീഡിയോ/ഫോട്ടോ ചിത്രീകരിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നത് -സംബന്ധിച്ച്

സൂചന:- **1)22/06/20222** ലെ **SC2/126/2022-HOME** നമ്പർ സർക്കുലർ
**2)**ചീഫ് സെക്യൂരിറ്റി ഓഫീസറുടെ **17/08/2024** ലെ **108**/സി.എസ്.ഒ./**2024** നമ്പർ കത്ത്

ഗവൺമെന്റ് സെക്രട്ടേറിയറ്റിനുള്ളിൽ സിനിമ, സീരിയൽ, ഡോക്യുമെന്ററി ഉൾപ്പടെയുള്ള എല്ലാ വിധ ചിത്രീകരണങ്ങൾക്കും നിയന്ത്രണമേർപ്പെടുത്തി സൂചന **1** പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ആഘോഷ വേളകളിലും മറ്റും സുരക്ഷാ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ ലംഘിച്ചു കൊണ്ട് ഫോട്ടോയും വീഡിയോയും ചിത്രീകരിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പ്രത്യേക സുരക്ഷാ മേഖലയായ സെക്രട്ടേറിയറ്റ് ക്യാമ്പസിനുള്ളിൽ വച്ച് അനുവാദം കൂടാതെ വീഡിയോയും ഫോട്ടോയും ചിത്രീകരിക്കുന്നത് കർശനമായി വിലക്കേർപ്പെടുത്തുന്നു. ടി നിർദ്ദേശം ലംഘിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Prameela K Nair
Date: 21-11-2024 11:09:22
സെക്ഷൻ ഓഫീസർ

പകർപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ്
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സംസ്ഥാന പോലീസ് മേധാവി, കേരളം

കമാന്റന്റ് എസ്.ഐ.എസ്.എഫ്, തിരുവനന്തപുരം
ചീഫ് സെക്യൂരിറ്റി ഓഫീസർ , ഗവൺമെന്റ് സെക്രട്ടേറിയറ്റ്
സെക്രട്ടേറിയറ്റിലെ എല്ലാ ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും (ഇ ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)
പൊതുഭരണ (ഹൗസ്കീപ്പിങ് സെൽ) വകുപ്പ് (മേൽ നിർദ്ദേശം ഉൾക്കൊള്ളുന്ന ബോർഡുകൾ സെക്രട്ടേറിയറ്റ് കാമ്പസിനുള്ളിൽ സ്ഥാപിക്കുന്നതിന്)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി